പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 3016 — 07.12.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

**ചോദ്യം**

ശ്രീ. അനിൽ അക്കര

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നാളിതുവരെ എത്ര നിയമനം നൽകിയിട്ടുണ്ടെന്ന ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി 31.10.2018 വരെ നൽകിയ നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.<br><br>തിരുവനന്തപുരം- 3745<br>കൊല്ലം- 1858<br>ആലപ്പുഴ- 2482<br>പത്തനംതിട്ട-1049<br>കോട്ടയം — 1738<br>ഇടുക്കി — 837<br>എറണാകുളം — 4413<br>തൃശ്ശൂർ- 2100<br>പാലക്കാട്- 1811<br>മലപ്പുറം — 1944<br>കോഴിക്കോട് — 2898<br>വയനാട് — 1082<br>കണ്ണൂർ- 1448<br>കാസർഗോഡ് -1237<br>**ആകെ — 28642**<br>(ഇരുപത്തിയെണ്ണായിരത്തി അറുന്നൂറ്റി നാല്പത്തിരണ്ട് ) |
| (ബി) | സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികമായി ഒഴിവുവരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നിയമനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ബി) | 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. 25.10.2004 ലെ 11887/ജി2/03/ തൊഴിൽ നമ്പർ സർക്കുലറിൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന്, 05.02.2014 ലെ 25941/G2/2013/LBR നമ്പർ സർക്കുലറിലും 26.12.16 ലെ 1046913/ജി2/2016 /തൊഴിൽ നമ്പർ കത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 9 (a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ